**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **19-06-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിട നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ 5കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഒരു സ്കൂളിനും 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 6 സ്കൂളുകൾക്കും 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 5 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GVHSS പൂവച്ചലിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 6 സ്കൂളുകളിൽ ഒരു സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി. മൂന്ന് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. (GVHSS പരുത്തിപ്പള്ളി, GVHSS ആര്യനാട്, ഗവ.V&HSS വിതുര - നിർമ്മാണം ആരംഭഘട്ടത്തിൽ). രണ്ട് സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് (GHSS അരുവിക്കര, GMUPS വിതുര).<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 5 സ്കൂളുകളിൽ രണ്ടെണ്ണം പൂർത്തിയായി. രണ്ട് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു (GHSS തൊളിക്കോട്, VKകാണി GHS പനക്കോട്). 1 സ്കൂളിന്റെ (GUPS പൂവച്ചൽ) നിർമ്മാണത്തിനായുള്ള റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ? | (ബി) | നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കിഫ്ബിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കിഫ്ബിയുടെ ഭാഗത്തു നിന്നും തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ